I. ഇ.ബി. XII-കേരള നിയമസഭ/XIV-9

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 10, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) ഔദ്യോഗിക ഭാഷ

ശ്രീ. സി.പി. മുഹമ്മദ്: ഭരണഭാഷ മലയാളമാക്കണമെന്ന് പറയുമ്പോഴും ഇംഗ്ലീഷ് ഭാഷയും കൂടി ഉപയോഗിച്ചാണ് ഔദ്യോഗിക ഭാഷ സംബന്ധിച്ച ഫയലുകൾ പോലും കൈകാര്യം ചെയ്യുന്നത്. ഐക്യകേരളം രൂപംകൊണ്ട് അരനൂറ്റാണ്ടായിട്ടും മലയാളം ഔദ്യോഗിക ഭാഷയാക്കാൻ സാധിച്ചിട്ടില്ല. സെക്രട്ടേറിയറ്റിൽപ്പോലും ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നത് 50 ശതമാനത്തിൽ താഴെയാണ്. ഉദ്യോഗസ്ഥരിൽ നല്ലൊരു ശതമാനവും മലയാളവിരുദ്ധരാണ്. ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലടക്കം മലയാളഭാഷ നിർബന്ധമാക്കുകയും സർക്കാർ ജോലി ലഭിച്ച് ഒരു വർഷത്തിനുള്ളിൽ മലയാളം നിർബന്ധമായി പഠിച്ചിരിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തുകയും വേണം. ഇൻഡ്യയിലെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും

കോടതി ഭാഷ പ്രാദേശികഭാഷയാണെങ്കിൽ കേരളത്തിൽ ഇംഗ്ലീഷാണ് ഉപ യോഗിക്കുന്നത്. മാതൃഭാഷ വികസനത്തിന് മറ്റ് സംസ്ഥാനങ്ങൾ അനേകം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മലയാള സർവ്വകലാശാല സ്ഥാപിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വവിജ്ഞാനകോശം, സാഹിത്യ-സംഗീത അക്കാദമികൾ, ലളിതകലാ അക്കാദമി എന്നിവയെ ഏകോപിപ്പിച്ച് മലയാള സർവ്വകലാശാല സ്ഥാപി ക്കാൻ മുഖ്യമന്ത്രി മുൻകയ്യെടുക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ):. മലയാള ഭാഷയുടെയും സംസ്ക്കാരത്തിന്റെയും പഠനത്തിനും ഗവേഷണത്തിനും മാത്രമായി മലയാള സർവ്വകലാശാല സ്ഥാപിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയമം പ്രാബല്യത്തിൽ വന്ന് 40 വർഷം കഴിഞ്ഞിട്ടും ഔദ്യോഗിക ഭാഷ മലയാളമാക്കാൻ സാധിച്ചിട്ടില്ല. ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. 70 സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ഭരണവകുപ്പുകളിലും പത്ത് പൊതുമേഖലാ സ്ഥാപനങ്ങളിലും 28 തദ്ദേശഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗികഭാഷയാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഭരണഭാഷാമാറ്റം ത്വരിതപ്പെടുത്താൻ ഔദ്യോഗിക ഭാഷ സംബന്ധിച്ച നിയമസഭാ സമിതിയുടെ ശുപാർശയനുസരിച്ച് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ വകുപ്പുകളിലെയും ഭരണഭാഷ വകുപ്പുകളിലെയും ക്ലാസ് 3 ഉദ്യോഗസ്ഥർക്കായി ഐ.എം.ജി.യിൽ ഔദ്യോഗിക ഭാഷ പരിശീലനം നൽകി വരുന്നു. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി ഭാഷ മലയാളമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള മലയാളം

സോഫ്റ്റ്‌വെയറുകളിലെ ലിപി വിന്യാസം വ്യത്യസ്തമായതിനാൽ സി-ഡിറ്റിന്റെ സഹായത്തോടെ മലയാളം സോഫ്റ്റ്‌വെയറിന്റെ രണ്ട് ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2002 മുതൽ മലയാളദിനാഘോഷവും ഭരണഭാഷ വാരാഘോഷവും സംഘടിപ്പിക്കുന്നുണ്ട്. വിദേശ മലയാളികൾക്കുവേണ്ടി മലയാള മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ കേന്ദ്രീയവിദ്യാലയങ്ങളിൽ മാതൃഭാഷ പഠിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ പ്രതിപക്ഷത്തിന്റെ സഹകരണം ഉണ്ടാകണം.

(2) തണ്ണീർത്തട സംരക്ഷണം

ശ്രീ. കെ. കുഞ്ഞിരാമൻ: സംസ്ഥാനത്തെ തണ്ണീർത്തടങ്ങളെ സംരക്ഷിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പേമാരി നിയന്ത്രണത്തിനായാണ് തണ്ണീർത്തട നിയന്ത്രണം ആരംഭിച്ചത്. തണ്ണീർത്തടങ്ങളെക്കുറിച്ച് ചർച്ച ചെയ്യാനും അവയുടെ സംരക്ഷണം ഉറപ്പ് വരുത്താനും 52-ഓളം ലോകരാഷ്ട്രങ്ങൾ 1971-ൽ ഇറാനിലെ റാംസാർ നഗരത്തിൽ നടത്തിയ അന്താരാഷ്ട്ര സമ്മേളനത്തിൽ രൂപീകരിച്ച കരാറിലെ മാനദണ്ഡങ്ങളനുസരിച്ച് മൂന്ന് റാംസാർ സൈറ്റുകൾ കേരളത്തിലുണ്ട്. ജന്തു-സസ്യ വൈവിദ്ധ്യംകൊണ്ട് സമ്പന്നമായ കൗവ്വായി കായലിനെ റാംസാർ സൈറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തിരുവനന്തപുരം-കോട്ടപ്പുറം ദേശീയ ജലപാതയിൽ ഉൾപ്പെടുന്നതും ടൂറിസത്തിന് അനന്ത സാദ്ധ്യതകളുമുള്ള കൗവ്വായി കായലിനെ റാംസാർ സൈറ്റിൽ ഉൾപ്പെടുത്തി സംരക്ഷിക്കാനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

റവന്യു വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : അനിയന്ത്രിതവും പരിസ്ഥിതിയെ മാനിക്കാതെയുമുള്ള കയ്യേറ്റങ്ങളും നിർമ്മാണ പ്രവർത്തനങ്ങളും കാരണം സംസ്ഥാനത്തെ തണ്ണീർത്തടങ്ങളുടെ വിസ്തൃതി കുറഞ്ഞു വരികയാണ്. തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടത് ആവശ്യമാണ്. കായലുകളും ചതുപ്പുനിലങ്ങളും മറ്റ് ജലാശയങ്ങളുമൊക്കെയായി 217 തണ്ണീർത്തടങ്ങൾ സംസ്ഥാനത്തുണ്ട്. തണ്ണീർത്തടങ്ങളുടെ പ്രാധാന്യവും പ്രയോജനവും ശ്രദ്ധിക്കപ്പെടുന്നത് 1971 -ലെ ചരിത്രപ്രസിദ്ധമായ 'റാംസാർ' കൺവെൻഷനെത്തുടർന്നാണ്. 1650 തണ്ണീർത്തടങ്ങളുടെ പട്ടികയിൽ വേമ്പനാട് കായലും കോൾ പ്രദേശങ്ങളും അഷ്ടമുടി കായലും ശാസ്താംകോട്ട കായലും കോഴിക്കോട് ജില്ലയിലെ കോട്ടുളിയും, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ കടലുണ്ടി പ്രദേശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്താംകോട്ട, അഷ്ടമുടി, കോട്ടുളി എന്നിവയുടെ സംരക്ഷണത്തിനായി കേന്ദ്ര ജലവിഭവകേന്ദ്രത്തിന്റെ സഹായത്തോടെ മാനേജ്മെൻറ് ആക്ഷൻ പ്ലാൻ നടപ്പിലാക്കിവരുന്നു. വടക്കൻ കേരളത്തിലെ കൗവ്വായി തണ്ണീർത്തടത്തിന്റെ മാനേജ്മെൻറ് ആക്ഷൻ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ കേന്ദ്ര ജല വിഭവ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. കൗവ്വായി, കുഞ്ഞിമംഗലം പ്രദേശത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള പഠനം തുടങ്ങിയിട്ടുണ്ട്.

**സബ്മിഷൻ**

(1) നിർമ്മാണ മേഖലയിലെ സ്തംഭനാവസ്ഥ

ശ്രീ. കെ. സി. ജോസഫ്: 14.12.2009 - ലെ കേരള മുനിസിപ്പൽ ബിൽഡിംഗ് അമന്റ്മെന്റ് ചട്ടങ്ങൾ നിർമ്മാണ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്ന സ്തംഭനാവസ്ഥ തൊഴിൽ നഷ്ടപ്പെടുത്തുകയും

നിക്ഷേപകരെ നിരുൽസാഹപ്പെടുത്തുകയുമാണ് ചെയ്യുന്നത്. സാധാരണക്കാരന് വീടുവയ്ക്കാൻ പറ്റാത്ത അവസ്ഥയുണ്ടാക്കുന്ന ഈ ചട്ടങ്ങളിൽ മാറ്റം വരുത്തണം. അഞ്ചുസെന്റുവരെ ഭൂമിയുള്ളവർക്ക് കിണർ കുഴിക്കുകയോ വീടു നിർമ്മിക്കുകയോ ചെയ്യണമെങ്കിൽ അയൽക്കാരന്റെ അനുമതി വേണമെന്നും പ്ളോട്ട് വിഭജിക്കണമെങ്കിൽ അതിനുള്ളിൽ 7 മീറ്റർ റോഡ് വേണമെന്നും ഫ്ളാറ്റ് നിർമ്മിക്കണമെങ്കിൽ ബിൽഡറും ഓണറും തമ്മിലുള്ള എഗ്രിമെന്റിന്റെ കോപ്പി അനുവാദത്തിനുവേണ്ടി കൊടുക്കണമെന്നുമൊക്കെയുള്ള വ്യവസ്ഥകൾ സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. അതുകൊണ്ട് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് ചട്ടങ്ങളിൽ ആവശ്യമായ മാറ്റം വരുത്തണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : അടുത്ത കാലത്ത് വർദ്ധിച്ചുവരുന്ന ഫ്ളാറ്റ് നിർമ്മാണ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിലാണ് ചില ഭേദഗതികൾ റൂൾസിൽ കൊണ്ടുവന്നത്. ബഹുനില കെട്ടിടങ്ങളുടെ വർദ്ധനയും സുരക്ഷാ പ്രശ്നങ്ങളും മോട്ടോർ വാഹനങ്ങളുടെ പെരുപ്പവും പാർക്കിംഗ് പ്രശ്നവുമാണ് നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതികൾ അനിവാര്യമാക്കിയത്. ബഹുനില കെട്ടിടങ്ങളുടെ നിർമ്മാണത്തിൽ ക്രമീകരണം വരുത്തണമെന്ന നിർദ്ദേശവും നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകളും പരിഗണിച്ചാണ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. തറ നിരപ്പിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി മണ്ണ് നീക്കം ചെയ്യുന്നതിന് നിയന്ത്രണം വരുത്തിയിട്ടുണ്ട്. 16.2.2009 മുതൽ പ്രാബല്യത്തിൽ വന്ന ഭേദഗതി വാസഗൃഹങ്ങളെയോ മറ്റ് കെട്ടിടങ്ങളെയോ ഒരുതരത്തിലും ബാധി

ക്കുന്നതല്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. ചട്ടങ്ങൾ അപ്രായോഗികമാണെങ്കിൽ മാറ്റം വരുത്താവുന്നതാണ്.

(2) ജലാവകാശ കരാർ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: കണ്ണൻദേവൻ കമ്പനിയുമായുണ്ടാക്കിയ ജലാവകാശകരാർ ബോധപൂർവ്വം മറച്ചുവയ്ക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിയത്. 11.11.2008-ൽ വനം വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വിളിച്ചുകൂട്ടിയ യോഗത്തിൽ എടുത്ത തീരുമാനം കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാതിരുന്നത് ഭൂമാഫിയയെ സഹായിക്കാനാണ്. നല്ല രീതിയിൽ കേസ് നടത്തുന്നതിനും നഷ്ടപ്പെട്ട ഭൂമി തിരിച്ചു പിടിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ): കണ്ണൻ ദേവൻ ഹിൽ പ്രൊഡ്യൂസേഴ്സ് കമ്പനിയുമായുണ്ടാക്കിയ ജലാവകാശ കരാർ ബോധപൂർവ്വം മറച്ചുവയ്ക്കാൻ ഒരു ശ്രമവും ഉണ്ടായിട്ടില്ല. പ്രസ്തുത കരാർ പ്രകാരം ഡാം പണിയുന്നതിനുള്ള യാതൊരു അവകാശവും കമ്പനിക്ക് ലഭിച്ചിട്ടില്ല. 1948-ൽ നിലവിൽ വന്ന ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ഊർജ്ജം ഉൽപ്പാദിപ്പിക്കാനുള്ള അധികാരവും അവകാശവും വൈദ്യുതി ബോർഡിൽ നിക്ഷിപ്തമാക്കുകയും വാട്ടർ റൈറ്റ്സ് എഗ്രിമെന്റ് പ്രകാരം കമ്പനിക്ക് ലഭിച്ചിരുന്ന ഇലക്ട്രിസിറ്റി ജനറേറ്റിംഗ് റൈറ്റ് ഇല്ലാതാകുകയും ചെയ്തു. തടയണ കെട്ടി ജല വൈദ്യുത പദ്ധതിയിലേയ്ക്കുള്ള സ്വാഭാവിക നീരൊഴുക്ക് തടയുകയാണ് ചെയ്യുന്നത്.

എല്ലാ നീരൊഴുക്കുകളും അതിലെ ജലവും സർക്കാരിൽ നിക്ഷിപ്തമാണ്. ഭൂമി സംരക്ഷിക്കുന്നതിന് ശക്തമായ നടപടികളാണ് സ്വീകരിക്കുന്നത്.

(3) ഫയർ സ്റ്റേഷനുകളുടെ ശോച്യാവസ്ഥ

ശ്രീ. ജോർജ് മേഴ്സിയർ: വിഴിഞ്ഞം, പൂവാർ ഫയർ സ്റ്റേഷനുകൾക്കാവശ്യമായ ഉപകരണങ്ങളും വാഹനങ്ങളും ലഭ്യമാക്കാനും വിഴിഞ്ഞത്ത് ഫയർ ഫോഴ്സ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാനും നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വിഴിഞ്ഞം അഗ്നിശമന സേനാനിലയത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തണമെന്ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. 12 കോടി രൂപയുടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) മൺപാത്ര നിർമ്മാണ തൊഴിലാളി സമരം

(ഈ വിഷയം സംബന്ധിച്ച് ശ്രീ. എ.എം. യൂസഫും പ്രൊഫ. സി. രവീന്ദ്ര നാഥും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീമതി ജെ. അരുന്ധതി: സെക്രട്ടേറിയറ്റിനു മുന്നിൽ റിലേ സത്യാഗ്രഹസമരം നടത്തുന്ന മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന ആധുനിക യന്ത്രങ്ങൾ ഉപയോഗിച്ച് മൺപാത്രങ്ങളും കരകൗശല വസ്തുക്കളും നിർമ്മിക്കുന്നതിന് പരിശീലനം നൽകു

കയും വായ്പകൾ നൽകുകയും വനപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് വനത്തിൽനിന്ന് സൗജന്യമായി വിറക് ശേഖരിക്കുന്നതിന് അനുവാദം കൊടുക്കുകയും ചെയ്തിട്ടുണ്ട്. മൺപാത്ര വ്യവസായത്തിന്റെ പ്രതിസന്ധി പരിഹരിക്കാൻ മോഡേൺ മെക്കനൈസ്ഡ് കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ സ്ഥാപിക്കാൻ കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ളവരെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും ഒ.ബി.സി. വിഭാഗത്തിന്റെ ഉദ്യോഗ സംവരണാനുകൂല്യങ്ങളും നൽകുകയും ക്രീമി ലെയറിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): രണ്ട് രൂപയ്ക്ക് അരി നൽകുന്ന സ്ക്കീമിൽ മൺപാത്ര തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുന്നതാണ്.

(5) കാലടിയിൽ പുതിയ പാലം

ശ്രീ. സാജു പോൾ: എം.സി. റോഡിലെ കാലടി-ശ്രീശങ്കര പാലത്തിന് സമാന്തര പാലം നിർമ്മിക്കുന്നതിനും നിലവിലുള്ള പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): വർദ്ധിച്ചുവരുന്ന വാഹന ബാഹുല്യവും ഗതാഗതക്കുരുക്കും പാലത്തിന്റെ വീതിക്കുറവും കണക്കിലെടുത്ത് കാലടി-ശ്രീശങ്കര പാലത്തിന് സമാന്തര പാലം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ട് പരിഗണനയിലാണ്. പ്രസ്തുത പാലത്തിന് സമാന്തരമായി ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന്റെ സാധ്യതാ പഠനം

നടന്നുവരുന്നു. നിലവിലുള്ള പാലത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

### (6) റോഡുകളുടെ പ്രവൃത്തി പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ.സി. കുഞ്ഞിരാമൻ: വയനാട് ജില്ലയിലെ മാനന്തവാടി-ബാവലി, കാട്ടിക്കുളം-തോൽപ്പെട്ടി, മാനന്തവാടി-കൽപ്പറ്റ റോഡുകളുടെ പണി പൂർത്തിയാക്കാതെ നിർത്തിവയ്ക്കുകയും മറ്റ് പല കരാറുകളും നിരന്തരമായി ലംഘിക്കുകയും ചെയ്യുന്ന ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനിയെ കരിമ്പട്ടികയിൽപ്പെടുത്തുന്നതിനും പ്രസ്തുത റോഡുകളുടെ പണി പൂർത്തീകരിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): മാനന്തവാടി -ബാവലി റോഡിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുകയും കാട്ടിക്കുളം-തോൽപ്പെട്ടി റോഡിന്റെ നിർമ്മാണം ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. മാനന്തവാടി-കൽപ്പറ്റ റോഡിന്റെ പണി പൂർത്തിയാക്കുന്നതിനുള്ള കാലാവധി 08-08-2010-വരെയാണ്. ഏറ്റെടുത്ത ജോലികൾ അനിശ്ചിതമായി നീട്ടിക്കൊണ്ടുപോയ ചന്ദ്രഗിരി കൺസ്ട്രക്ഷൻ കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നതിനാൽ മാനന്തവാടി-കൽപ്പറ്റ റോഡ് പ്രവൃത്തിയുടെ മുൻ യോഗ്യതാ നിർണ്ണയത്തിൽനിന്നും കമ്പനിയെ ഒഴിവാക്കുകയുണ്ടായി. ഇതിനെതിരെ കമ്പനി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അന്തിമവിധി വന്നാൽ മാത്രമേ പ്രവൃത്തി തുടങ്ങാൻ സാധിക്കുകയുള്ളൂ.

(7) ഈഞ്ചയ്ക്കൽ ബസ് സ്റ്റേഷൻ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: തിരുവനന്തപുരത്ത് ഈഞ്ചയ്ക്കലിൽ ദീർഘദൂര സർവ്വീസുകൾക്കായി പ്രത്യേക ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ): തിരുവനന്തപുരത്ത് ഈഞ്ചയ്ക്കലിൽ ഇന്റർ സ്റ്റേറ്റ്-ഇന്റർ ഡിസ്ട്രിക്ട് ബസ്സുകൾക്കായി ടെർമിനൽ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യും കെ.ടി.ഡി.എഫ്.സി.യുമായി ബി.ഒ.ടി. അടിസ്ഥാനത്തിൽ പണികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തമ്പാനൂരിലെ ടെർമിനൽ കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തിയാക്കുന്നതോടൊപ്പം ഈഞ്ചയ്ക്കൽ ബസ് ടെർമിലിന്റെ പ്രാഥമിക ഘട്ട പ്രവർത്തനങ്ങളും പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(8) മുളയം പമ്പ് ഹൗസ്

ശ്രീ. രാജാജി മാത്യു തോമസ്: ഒല്ലൂർ നിയോജകമണ്ഡലത്തിൽ നടത്തറ ഗ്രാമപഞ്ചായത്തിലെ മുളയം പമ്പ് ഹൗസിലെ കേടുവന്ന പമ്പുകളും എ.സി. പൈപ്പ് ലൈനും മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 1972-ൽ കമ്മീഷൻ ചെയ്ത മുളയം പമ്പ് ഹൗസിന് 1977-നുശേഷം പുനരുദ്ധാരണം നടത്തിയിട്ടില്ല. അവിടത്തെ ക്ലോറിനേറ്റർ കേടായതുകൊണ്ട് വെള്ളം ശുദ്ധീകരിക്കുന്നതിന് ബ്ലീച്ചിംഗ് പൗഡറാണ് ഉപയോഗിക്കുന്നത്. പദ്ധതിയുടെ പുനരുദ്ധാരണത്തിന് 80 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. തൃശ്ശൂർ കോർപ്പറേഷൻ കേരള വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്.

## (9) <u>ബൈക്ക് യാത്രികന്റെ അറസ്റ്റ്</u>

<u>ശ്രീ. പി. സി. ജോർജ്:</u> ഹെൽമറ്റ് ധരിക്കാതെ ബൈക്കിൽ യാത്ര ചെയ്തു എന്ന കാരണത്താൽ ഡെന്നിയെ മേലുകാവ് പോലീസ് സ്റ്റേഷനിലെ എസ്. ഐ. യും എ. എസ്. ഐ.യും ചേർന്ന് ബലമായി പിടിച്ചുകൊണ്ടു പോയ സംഭവത്തിൽ ഈ രണ്ട് പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടി എടുക്കുകയും വാഹന പരിശോധന സംബന്ധിച്ച് പോലീസിന് വ്യക്തമായ നിർദ്ദേശം നൽകുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> 06-03-2010-ന് വൈകുന്നേരം 5 മണി മുതൽ 7 മണി വരെ കോട്ടയം ജില്ലയിൽ മേലുകാവ് ഈരാറ്റുപേട്ട പോലീസ് സ്റ്റേഷൻ അതിർത്തികളിൽ വാഹന പരിശോധന നടത്തിയ സന്ദർഭത്തിൽ അരുവിത്തുറ പാറയിൽ വീട്ടിൽ വർക്കിയുടെ മകൻ 28 വയസ്സുള്ള ഡെന്നി അലക്ഷ്യമായി അപകടകരമാംവിധം മോട്ടോർ സൈക്കിൾ ഓടിച്ചുവരുന്നതു കണ്ട് മേലുകാവ് എസ്. ഐ. യും എ. എസ്. ഐ. യും ചേർന്ന് മോട്ടോർ സൈക്കിൾ നിർത്താൻ ആവശ്യപ്പെട്ടിട്ടും നിർത്താതെ പോകുകയും എതിരെ വന്ന മറ്റൊരു മോട്ടോർ സൈക്കിളിൽ ഉരസിയതിനെ തുടർന്ന് ഇരുവരും തമ്മിൽ വാക്ക്തർക്കമുണ്ടായപ്പോൾ എസ്. ഐ. യും എ. എസ്. ഐ.യും കൂടി ഡെന്നിയെ സർക്കിൾ ഇൻസ്പെക്ടറുടെ ഓഫീസിൽ കൊണ്ടുപോയി പരിശോധിച്ചപ്പോൾ മദ്യപിച്ചിട്ടുണ്ടെന്നും ഡ്രൈവിംഗ് ലൈസൻസ് ഇല്ലെ ന്നും ബോദ്ധ്യപ്പെടുകയുണ്ടായി. ഈ സംഭവത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും രാത്രി 10.30 മണിയോടുകൂടി രണ്ട് പേരുടെ ആൾ ജാമ്യത്തിൽ

ഡെന്നിയെ വിട്ടയയ്ക്കുകയും ചെയ്തു. വാഹന പരിശോധന വേളയിലും ഹെൽമറ്റ് പരിശോധനയ്ക്കിടയിലും വാഹനയാത്രക്കാരെ പിൻതുടർന്ന് പിടികൂടരുതെന്നും ബുദ്ധിമുട്ടിക്കരുതെന്നും നിയമം കർശനമായി നടപ്പിൽ വരുത്തണമെന്നും പോലീസ് ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള കാര്യങ്ങൾ പ്രത്യേകിച്ച് പരിശോധിക്കാവുന്നതാണ്.

(10) <u>പാചകവാതക ക്ഷാമം</u>

<u>ശ്രീ. ബി. ബാബു പ്രസാദ്:</u> സംസ്ഥാനത്തെ പാചക വാതക ക്ഷാമം പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> കേരളത്തിലെ സാധാരണ ജനങ്ങളെ കൂടെക്കൂടെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. ഇൻഡ്യൻ ഓയിൽ കമ്പനികളുടെ നിയന്ത്രണം കേന്ദ്ര ഗവൺമെന്റിനാണ്. എൽ. പി. ജി. സപ്ലൈ ചെയ്യുന്നതും തൊഴിലാളികളും അവരുടെ നിയന്ത്രണത്തിലാണ്. ഓരോ ഏജൻസിയിലും നിലവിലുള്ള കണക്ഷന് ആനുപാതികമായ സിലിണ്ടർ ലഭിക്കുന്നില്ല. ഭാരത് പെട്രോളിയം കോർപ്പറേഷന്റെയും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന്റെയും ഏജൻസികളിൽ കാര്യമായ കാലതാമസം വരുന്നില്ല. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ഏജൻസികളിൽ ആവശ്യകതയും അലോട്ട്മെന്റും തമ്മിൽ കാര്യമായ വ്യത്യാസമുള്ളതിനാലാണ് കാലതാമസം വരുന്നത്. കമ്പനികളുടെ പ്രതിനിധികളുമായി ചർച്ചകൾ നടത്തി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗ്യാസ് ഏജൻസികളിലെ തിരിമറി കണ്ടുപിടിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എൽ. പി. ജി. വിതരണവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ജില്ലാകളക്ടറുടെ

അദ്ധ്യക്ഷതയിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഇതുകൂടാതെ കൺസ്യൂമർ ഹെൽപ്പ്ലൈൻ വഴി ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. ഓയിൽ കമ്പനിയുടെ നിയന്ത്രണത്തിലുള്ള തൊഴിലാളികളുടെ പണിമുടക്ക്, ട്രക്ക് ഉടമകളുടെ പണിമുടക്ക്, ഹർത്താൽ, ബന്ദ്, പൊതുപണിമുടക്ക് എന്നീ കാരണങ്ങളാലും പാചക വാതക വിതരണത്തിൽ തടസ്സങ്ങൾ നേരിടുമ്പോൾ സർക്കാർ ഇടപെട്ട് പരിഹാരമുണ്ടാക്കുന്നുണ്ട്. .

(11) പുലമൺതോട് നവീകരണം

ശ്രീമതി പി. അയിഷാ പോറ്റി: കയ്യേറ്റക്കാരെ ഒഴിപ്പിച്ചും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടഞ്ഞും കൊട്ടാരക്കര മണ്ഡലത്തിലെ പുലമൺ തോട് നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): കൊട്ടാരക്കര പുലമൺ തോടിന്റെ പുനരുദ്ധാരണത്തിനായി ഒരു കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ തോട് കൊട്ടാരക്കര ടൗണിൽകൂടി കടന്നുപോകുന്ന ഭാഗങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിനും മാലിന്യം നിക്ഷേപിക്കാൻ സാധ്യതയുള്ള ഭാഗങ്ങളിൽ കമ്പിവേലി സ്ഥാപിക്കുന്നതിനും എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. റവന്യൂ വകുപ്പിന്റെ സഹകരണത്തോടുകൂടി തോടിന്റെ പാർശ്വങ്ങളിലുള്ള സർക്കാർ ഭൂമി അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ ഇടുന്ന ജോലി ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്.

(12) പട്ടിക വിഭാഗങ്ങളുടെ പദ്ധതി വിഹിതം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: തൃപ്പൂണിത്തുറ, കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ താമസിക്കുന്ന അയ്യായിരത്തോളം വരുന്ന  പട്ടിക വിഭാഗങ്ങൾക്ക് ടി.എസ്.പി. വിഹിതം ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ആദ്യ വർഷങ്ങളിൽ പട്ടികവർഗ്ഗ വിഭാഗമുള്ള  നഗരസഭകൾക്ക് ജനസംഖ്യാനുപാതികമായി  ടി.എസ്.പി. വിഹിതം അനുവദിച്ചിരുന്നെങ്കിലും വ്യക്തിഗത ആനുകൂല്യത്തിന് അർഹതയുള്ളവർ  കുറയുന്നതിനാൽ കൽപ്പറ്റ, നോർത്ത് പരവൂർ, പുനലൂർ മുനിസിപ്പാലിറ്റികൾക്ക് മാത്രമായി ടി.എസ്.പി. വിഹിതം പരിമിതപ്പെടുത്തി. മാവിലൻ, മലവേടൻ സമുദായങ്ങളെ പട്ടികവിഭാഗത്തിൽ ഉൾപ്പെടുത്തിയതിനെത്തുടർന്ന് പട്ടികവിഭാഗ ജനസംഖ്യയിൽ വർദ്ധനവുണ്ടായതിനാൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിക്ക് ഇപ്പോൾ ടി.എസ്.പി. വിഹിതം അനുവദിക്കുന്നുണ്ട്.  ടി..എസ്.പി. വിഹിതം ലഭിക്കാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിലെ വികസന പദ്ധതികൾക്ക് പൊതുവിഭാഗം വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്. 2011-ലെ ജനസംഖ്യാനുസൃതമായ വികസനഫണ്ട് വിഹിതം തീരുമാനിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുമ്പോൾ ടി.എസ്.പി വിഹിതം അനുവദിക്കുന്ന മാനദണ്ഡങ്ങളിലും ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതാണ്.

(13) സുനാമി പുനരധിവാസ ലിസ്റ്റിൽ ഉൾപ്പെടുത്തൽ

ശ്രീ. എ.എം. ആരിഫ്: അരൂർ നിയോജക മണ്ഡലത്തിലെ തീരദേശം ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ ഡി.എൽ.പി.സി. അംഗീകരിച്ച ലിസ്റ്റിലെ

ഗുണഭോക്താക്കൾക്ക് സുനാമി പുനരധിവാസ പദ്ധതി പ്രകാരം വീട് അനുവദിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ആലപ്പുഴ ജില്ലയിൽ ഡി.എൽ.പി.സി. അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടവർക്കുംകൂടി സുനാമി പുനരധിവാസ പദ്ധതി പ്രകാരം അടിയന്തിരമായി വീട് നിർമ്മിച്ച് നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സുനാമിയിൽ കൂടുതലായി നാശനഷ്ടം സംഭവിച്ച സ്ഥലങ്ങളിലെ ഗുണഭോക്താക്കൾ ലിസ്റ്റിൽ നിന്നും വിട്ടുപോയിട്ടുണ്ടെങ്കിൽ അവരെയും കൂടി ഉൾപ്പെടുത്താവുന്നതാണ്.

(14) മണൽക്ഷാമം

ശ്രീ. മുരളി പെരുനെല്ലി: തൃശൂർ ജില്ലയിൽ വീട് നിർമ്മാണത്തിന് ആവശ്യമായ മണൽ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): തൃശൂർ ജില്ലയിൽ മണൽക്ഷാമം വളരെ രൂക്ഷമാണ്. പഞ്ചായത്തുകളുടെ പദ്ധതികൾ, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി, എം.എൻ. ലക്ഷംവീട് പദ്ധതി തുടങ്ങിയവയ്ക്ക് ആവശ്യമായ മണൽ കൃത്യമായി കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ആവശ്യകതയ്ക്കനുസരിച്ചുള്ള മണൽ പുഴകളിൽനിന്നും ലഭിക്കുന്നില്ല. പൂമല,. പീച്ചി ഡാമുകളിൽനിന്നും തൃശൂർ ജില്ലയിലെ മറ്റു ചില ഡാമുകളിൽനിന്നും മണലെടുക്കുന്നതിന് പരമാവധി പരിശ്രമം നടത്തുന്നുണ്ട്.

(15) <u>ഉണ്ണിയാലിലെ സംഘർഷം</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: താനൂരിലെ ഉണ്ണിയാൽ എന്ന പ്രദേശത്ത് നബിദിനറാലിയോടനുബന്ധിച്ച് സ്ഥാപിച്ച ഫ്ളക്സ് നശിപ്പിച്ചതുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തര വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ):</u> താനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട ഉണ്ണിയാലിലും പരിസര പ്രദേശങ്ങളിലും നബിദിനാഘോഷത്തോടനുബന്ധിച്ച് സുന്നിവിഭാഗത്തിൽപ്പെട്ട ആളുകൾ തമ്മിലുണ്ടായ അക്രമസംഭവങ്ങളിൽ കേസുകൾ രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്യാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചുവരികയുമാണ്. അക്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ സത്വര നടപടി കൈക്കൊണ്ടിട്ടുണ്ട്. ജാഗ്രതാ നടപടി സ്വീകരിക്കാൻ പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നുണ്ട്.

(16) <u>തൃക്കാക്കര അമ്പലം</u>

<u>ശ്രീ. എ.എം. യൂസഫ്</u>: തൃക്കാക്കര അമ്പലം കളമശ്ശേരി നഗരസഭയിൽ തന്നെ നിലനിറുത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി <u>(ശ്രീ. പാലോളി മുഹമ്മദ്കുട്ടി):</u> കളമശ്ശേരി നഗരസഭയിലുൾപ്പെട്ട തൃക്കാക്കര അമ്പലം തൃക്കാക്കര പഞ്ചായത്തിൽ ഉൾപ്പെടുത്തണമെന്ന ഗ്രാമപഞ്ചായത്തും മറ്റു ചില സംഘടനകളും നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ കളമശ്ശേരി നഗരസഭയുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ഈ ക്ഷേത്രം കളമശ്ശേരി നഗരസഭയിൽ തന്നെ നിലനിറുത്തണമെന്ന നഗരസഭയുടെ അഭിപ്രായത്തിന്മേൽ. ഗവൺമെന്റ് തീരുമാനം എടുത്തിട്ടില്ല.

(17) ശ്രീകുമാറിന്റെ മരണം

(ഇതു സംബന്ധിച്ച് ശ്രീ. കെ.ബി. ഗണേഷ്കുമാറും നോട്ടീസ് നൽകിയിട്ടുണ്ട്)

ശ്രീ. അടൂർ പ്രകാശ്: കൂടൽ പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിളായിരുന്ന ശ്രീകുമാർ തൂങ്ങിമരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പത്തനംതിട്ട ജില്ലയിലെ കൂടൽ പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിളായിരുന്ന ശ്രീകുമാർ 12-2-2010-ന് ശബരിമല സന്നിധാനത്ത് വർക്ക് അറേഞ്ച്മെന്റിൽ ഡ്യൂട്ടിക്ക് ഹാജരാകാത്തതിന് ആബ്സെന്റ് രേഖപ്പെടുത്തി ശ്രീകുമാറിനെ എ.ആർ. ക്യാമ്പിൽ അറ്റാച്ച് ചെയ്യുകയും പകൽ സമയം പത്തനംതിട്ട എസ്.പി. ആഫീസിൽ ഡ്യൂട്ടി ചെയ്യാനും രാത്രി എ.ആർ. ക്യാമ്പിൽ താമസിക്കാനും നിർദ്ദേശിച്ചു. ഇപ്രകാരം ഡ്യൂട്ടി ചെയ്തു വരവെ 07-03-2010-ന് രാത്രി 9 മണിയോടുകൂടി ശ്രീകുമാറിനെ കാണാതായി. ശ്രീകുമാറിന്റെ ഭാര്യയുടെ പരാതിപ്രകാരം മാൻമിസ്സിംഗിന് കേസ് രജിസ്റ്റർ ചെയ്യുകയും കോന്നി പോലീസ് അന്വേഷണം ആരംഭിക്കുകയും ചെയ്തു. 9-3-2010-ന് കോന്നി പോലീസ് ക്വാർട്ടേഴ്സിന്റെ പുറകുവശത്ത് ശ്രീകുമാർ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. സംഭവത്തിൽ കോന്നി പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരികയാണ്. ശ്രീകുമാറിന് അമിത സാമ്പത്തിക ബാദ്ധ്യതയുണ്ടായിരുന്നതായി അറിവായിട്ടുണ്ട്. തൂങ്ങിമരണമെന്നാണ് കോട്ടയം മെഡിക്കൽ കോളേജിലെ പോസ്റ്റ്മോർട്ടം റിപ്പോർട്ട്. ശിക്ഷാനടപടികളിന്മേലുള്ള മാനസിക വ്യഥയാണ് മരണകാരണമെന്നുള്ളതിന് തെളിവ് ലഭിച്ചിട്ടില്ല. സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ ഐ.ജി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗവർണ്ണറുടെ സന്ദേശം**

2010 മാർച്ച് മാസം 3-ാം തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**ബഡ്ജറ്റ് പ്രസംഗത്തിലെ തിരുത്ത്**

2010 മാർച്ച് 5-ാം തീയതി നിയമസഭയിലവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിലെ 121-ാം ഖണ്ഡികയിലെ രണ്ടാമത്തെ വാക്യത്തിലുള്ള തിരുത്തൽ സ്റ്റേറ്റ്മെന്റ് ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്തു വച്ചു.

**ധനകാര്യം**

2010-2011 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച:(തുടർച്ച)

ശ്രീ. ബി. രാഘവൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമസ്ത മേഖലകളുടെയും സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള ബഡ്ജറ്റാണിത്. സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുതകുന്ന വ്യക്തമായ കാഴ്ചപ്പാടുള്ള ബഡ്ജറ്റാണിത്. ആരോഗ്യമേഖലയിൽ പുരോഗതി, സഹകരണ മേഖലയിൽ മുന്നേറ്റം, കാർഷിക/പരമ്പരാഗത വ്യവസായ മേഖലയിൽ വളർച്ച, വിദ്യാഭ്യാസ മേഖലയിൽ പുരോഗതി തുടങ്ങിയവയ്ക്ക് ബഡ്ജറ്റിർ ഊന്നൽ നൽകിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ക്ഷേമ പദ്ധതികളും സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് ക്ഷേമപെൻഷനുകളും ഏർപ്പെടുത്തി. കോടീശ്വരന്മാരെ ശതകോടീശ്വരന്മാരാക്കുന്ന കേന്ദ്ര ബഡ്ജറ്റിൽ നിന്നും തികച്ചും വ്യത്യസ്തമാണ് സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ്. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റ് പണം സ്വരൂപിക്കുന്ന നയമാണ് കേന്ദ്ര സർക്കാരിന്റേത്. എൽ.ഐ.സി., ബാങ്കിംഗ് മേഖല

തുടങ്ങിയവ സ്വകാര്യവൽക്കരിക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. എന്നാൽ പൊതുമേഖലയെ ശക്തിപ്പെടുത്താനുള്ള പദ്ധതികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ മണ്ഡലങ്ങളിലും മാവേലി സ്റ്റോറുകൾ, സൂപ്പർ മാവേലിസ്റ്റോറുകൾ തുടങ്ങിയവ ആരംഭിച്ച് പൊതുവിതരണ മേഖല ശക്തിപ്പെടുത്തി ഓപ്പൺ മാർക്കറ്റിൽ ഇടപെട്ട് വില ക്കയറ്റം പിടിച്ചുനിർത്തി. കാർഷിക മേഖലയിൽ ഉല്പാദന വർദ്ധനവ് കൈവരിക്കാൻ കഴിഞ്ഞു. കേന്ദ്ര സർക്കാർ രാസവളം, കീടനാശിനി, വിത്ത് എന്നിവയുടെ വില വർദ്ധിപ്പിച്ച് കൃഷിക്കാരെ പ്രതിസന്ധിയിലാക്കിയപ്പോൾ സംസ്ഥാന സർക്കാർ പലിശരഹിത വായ്പയും കീടനാശിനി, രാസവളം, മെതിയന്ത്രം, കൊയ്ത്തുയന്ത്രം എന്നിവയും നൽകി കൃഷിക്കാരെ പ്രോത്സാ ഹിപ്പിക്കുകയാണ് ചെയ്തത്. കുട്ടനാട്ടിൽ കൂടുതൽ സ്ഥലങ്ങളിൽ കൃഷിയിറ ക്കാൻ കഴിഞ്ഞിട്ടുണ്ട്. പാട്ടക്കൃഷി അവസാനിപ്പിച്ചു. നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാനും ഒരുപ്പൂ കൃഷി ഇരുപ്പൂ ആക്കാനും പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കാനും കഴിഞ്ഞു. ഗ്രാമീണ മേഖലയിൽ സ്ത്രീ ശാക്തീക രണം വളർന്നുവരുന്നു. മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിൽ കശുവണ്ടി വ്യവസായത്തിന് 52 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചത് ശ്ലാഘനീയമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന കശുവണ്ടി തൊഴിലാളിക ളുടെ 2006 വരെയുള്ള ഗ്രാറ്റുവിറ്റി കൊടുക്കാനും കർഷകത്തൊഴിലാളി പെൻഷൻ 300 രൂപയായി വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കായി പൊതു വിദ്യാഭ്യാസ മേഖലയിൽ 50 ശതമാനവും ഉന്നത വിദ്യാഭ്യാസ മേഖലയിൽ 112 ശതമാനവും തുകനീക്കി വച്ചിരിക്കുന്നത് സ്വാഗതാർഹമാണ്.

ശ്രീ. അടൂർ പ്രകാശ്: ബഡ്ജറ്റിനെ എതിർക്കുന്നു. കഴിഞ്ഞ നാല് ബഡ്ജറ്റിലുമുള്ള പ്രഖ്യാപനങ്ങൾ ആവർത്തിക്കുകയാണ് ചെയ്തിട്ടുള്ളത്. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. എല്ലാ കാര്യങ്ങൾക്കും കേന്ദ്ര സർക്കാരിനെ കുറ്റപ്പെടുത്തുന്ന സമീപനം അവസാനിപ്പിക്കണം. പ്ളാനിംഗ് കമ്മിഷനെതിരെ നിയമനടപടി സ്വീകരിക്കുമെന്നു പറയുന്നവർക്ക് അർഹതപ്പെട്ട സെൻട്രലി സ്പോൺസേർഡ് സ്കീം പൂർണ്ണമായും നേടിയെടുക്കാൻ സാധിച്ചിട്ടില്ല. സമയബന്ധിതമായി യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകാത്തതിനാൽ കേരളത്തിന് അർഹതപ്പെട്ട 1000 കോടിയിലധികം രൂപയാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഭരണ കെടുകാര്യസ്ഥതയാണ് ഇത് വ്യക്തമാക്കുന്നത്. പ്ളാൻ ഫണ്ട് വിനിയോഗത്തിൽപ്പോലും വീഴ്ച വരുത്തിയിരിക്കുകയാണ്. നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ചെക്ക്പോസ്റ്റുകളിലെ അഴിമതിയും കള്ളക്കടത്തും അവസാനിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. പൊതുമേഖലാ വ്യവസായങ്ങൾ ലാഭത്തിലാണെന്നും സ്വകാര്യ മേഖലയിൽ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവകാശപ്പെടുന്ന സർക്കാരിന് അതിനനുസരിച്ച് നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. പുതിയ വിഭവ സമാഹരണത്തെക്കുറിച്ച് ബഡ്ജറ്റിൽ യാതൊന്നും പറഞ്ഞിട്ടില്ല. കേരളത്തിൽ ഏറ്റവുംകൂടുതൽ തൊഴിൽ നൽകിയിരുന്ന കൺസ്ട്രക്ഷൻ മേഖല മണൽ ക്ഷാമംമൂലം തകർന്നിരിക്കുന്നതിന് പരിഹാരം കാണാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നെല്ലിന് കൂടുതൽ സംഭരണ വില ഉറപ്പാക്കുമെന്നുള്ള പ്രഖ്യാപനം പ്രാവർത്തികമാക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. എല്ലാ ആയുർവേദ ഉൽപ്പന്നങ്ങൾക്കും 4 ശതമാനം നികുതി

ബാധകമാക്കണം. ഓരോ നിയോജകമണ്ഡലത്തിലും എത്ര കോടി രൂപ യുടെ വർക്കുകൾക്ക് ഈ വർഷം എ.എസ്. കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെ ന്നുള്ളത് വ്യക്തമാക്കണം. ഭക്ഷ്യ ഗവേഷണ രംഗത്ത് അടിസ്ഥാന സൗകര്യ ങ്ങൾ ഒരുക്കുന്നതിന് തുക വകയിരുത്തണം. കോന്നി നിയോജകമണ്ഡല ത്തിലെ ഇൻഡോർ സ്റ്റേഡിയത്തെ ഇന്റർ നാഷണൽ തലത്തിലെത്തിക്കുന്ന തിന് ആവശ്യമായ തുക വകയിരുത്തണം.

ശ്രീ. എൻ. രാജൻ : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സമൂഹത്തിൽ അവഗണിക്കപ്പെട്ട ജനവിഭാഗങ്ങളെ അംഗീകരിക്കുന്ന ബഡ്ജറ്റാണിത്. 35 ലക്ഷം കുടുംബങ്ങൾക്ക് കിലോയ്ക്ക് 2 രൂപയ്ക്ക് അരി വിതരണം, ഭൂമിയി ല്ലാത്ത ആദിവാസികൾക്ക് ഭൂമി, പട്ടയ വിതരണം, കൈവശ അവകാശ രേഖ നൽകൽ തുടങ്ങി ഒട്ടേറെ ക്ഷേമപദ്ധതികൾ ഈ ഗവൺമെന്റ് നടപ്പിലാക്കി വരികയാണ്. രണ്ട് രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുന്ന പദ്ധതിയിൽ എല്ലാ വിഭാഗം തോട്ടം തൊഴിലാളികളെയും ഉൾപ്പെടുത്തണം. വിലക്കയറ്റ ത്തിന്റെ ആഘാതം സാധാരണ ജനങ്ങൾക്ക് ഏൽക്കാതിരിക്കാൻ പൊതുവിത രണ രംഗത്ത് ഒട്ടേറെ ആശ്വാസ നടപടികൾ സ്വീകരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 11 ലക്ഷം കുടുംബ ങ്ങൾക്കു പുറമേ 2 രൂപയ്ക്ക് അരി ലഭിക്കുന്ന 35 ലക്ഷം കുടുംബങ്ങളെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ കീഴിൽ കൊണ്ടുവരുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം അഭിനന്ദനാർഹമാണ്. അനാഥാലയങ്ങൾ, വൃദ്ധസദ നങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവയുടെ പ്രതിമാസ ഗ്രാന്റ് 250 രൂപയായി വർദ്ധിപ്പിച്ചതും മാനസികവും കായികവുമായ വൈകല്യമുള്ളവർക്ക് പ്രതിമാസം 300 രൂപ നൽകുന്നതോടൊപ്പം അവരുടെ സഹായിക്കും 300 രൂപ വീതം നൽകുമെന്ന തീരുമാനവും സ്വാഗതാർഹമാണ്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ള കുട്ടികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. സ്ത്രീകൾ മാത്രം ഗുണഭോക്താക്കളായ പദ്ധതികൾക്കായി 620 കോടി രൂപയും ചെറുകിട പരമ്പരാഗത വ്യവസായങ്ങളുടെ വികസനത്തിനായി 246 കോടി രൂപയും ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി തൊഴിലാളികളുടെ 2006 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക മുഴുവൻ കൊടുത്തുതീർക്കുമെന്ന പ്രഖ്യാപനം ശ്ലാഘനീയമാണ്. കർഷകത്തൊഴിലാളികളുടെ 114 കോടി രൂപയുടെ പെൻഷൻ കുടിശ്ശിക കൊടുത്തുതീർത്തതും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ 300 രൂപയാക്കി വർദ്ധിപ്പിച്ചതും കർഷകർക്ക് ആശ്വാസം നൽകുന്ന കാര്യങ്ങളാണ്. വരുമാന പരിധി ഒഴിവാക്കി എല്ലാ വിഭാഗം കർഷകത്തൊഴിലാളികളേയും പെൻഷന് അർഹരാക്കണം. അതോടൊപ്പം കാർഷിക കടം എഴുതിത്തള്ളുന്നതിന് നിശ്ചയിച്ചിരിക്കുന്ന വരുമാന പരിധിയും കുറയ്ക്കണം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനു വേണ്ടി 399 കോടി രൂപ എസ്.സി.പി.യിലും 116 കോടി രൂപ ടി.എസ്.പി.യിലും വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത മേഖലകളിലെ തൊഴിലാളികൾക്ക് മിനിമം കൂലി ലഭിക്കുന്നതിനായി ഒരു ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുവാൻ പോവുകയാണ്. നെൽക്കൃഷിയുടെ വികസനത്തിനുവേണ്ടി 500 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 12594 പേർക്ക് മിച്ചഭൂമി പട്ടയവും 76608 പേർക്ക് മറ്റുവിധ പട്ടയങ്ങളും കൈവശ രേഖയും ആദിവാസി സെറ്റിൽമെന്റ് കോളനികളിലെ 14048 കുടുംബങ്ങൾക്ക് കൈവശ രേഖയും നൽകിയത് ഈ സർക്കാരാണ്. ചെങ്ങറ ഭൂ സമരം അവസാനിപ്പിച്ച് അവിടത്തെ ആദിവാസികൾക്ക് അർഹമായ ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ മേഖലകളിലും അവഗണിക്ക

പ്പെട്ടവർക്ക് ആശ്വാസം നൽകുന്നതിനുള്ള ഒട്ടേറെ കാര്യങ്ങൾ ഈ ബഡ്ജറ്റിലുണ്ട്.

ശ്രീ. സി. എഫ്. തോമസ്: ബഡ്ജറ്റിനെ എതിർക്കുന്നു. കാർഷിക-വ്യാവസായിക പുരോഗതിക്കായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. സംസ്ഥാനത്തെ 70% ആളുകൾ ആശ്രയിക്കുന്ന കാർഷിക മേഖലയുടെ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന പദ്ധതികളാണ് ആവിഷ്ക്കരിക്കേണ്ടത്. നാളികേര കൃഷി വികസനത്തിന് മുപ്പത് കോടി രൂപയും അടയ്ക്ക കൃഷി വികസനത്തിന് പത്ത് കോടി രൂപയും വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാണ്. മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ റബ്ബർ ഒഴികെ എല്ലാ കാർഷിക വിളകളും തകർച്ച നേരിടുകയാണ്. വ്യാവസായിക വളർച്ചയ്ക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കാത്തതിനാൽ പുതിയ വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് വരുന്നില്ല. സ്മാർട്ട് സിറ്റിയിൽ 90,000 പേർക്ക് ജോലി കൊടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയിട്ടില്ല. കേരളത്തിലെ ഐ.ടി. വ്യവസായ മേഖല തകർന്നുകൊണ്ടിരിക്കുന്നു. നിശ്ചിത കാലാവധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കണം. രൂക്ഷമായ വിലക്കയറ്റം തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡിയായി എത്ര തുക കൊടുക്കുമെന്ന് വ്യക്തമാക്കണം. ഗവൺമെന്റ് എയ്ഡഡ് മേഖലയുടെ അക്കാഡമിക് നിലവാരം ഉയർത്താനായി നീക്കി വച്ച വിഹിതം അപര്യാപ്തമാണ്.

<u>ശ്രീ. റ്റി.യു. കുരുവിള:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജനങ്ങളുടെ മേൽ പുതിയ നികുതികൾ ചുമത്താതെ പരമാവധി വിഭവ സമാഹരണം നടത്താനുള്ള ശ്രമം സ്വാഗതാർഹമാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 8943 കോടി രൂപയുടെ വർക്ക് ഇപ്പോൾ നടക്കുന്നുണ്ട്. കഴിഞ്ഞ നാല് വർഷം കൊണ്ട് 7142 കോടി രൂപയുടെ വർക്കുകൾക്കുള്ള എ.എസും നൽകിയിട്ടുണ്ട്. കരാറുകാർക്ക് കൊടുക്കാനുണ്ടായിരുന്ന 4032 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർത്തു. കൊച്ചി-കാസർഗോഡ്, കൊച്ചി-പാലക്കാട് വ്യാവസായ കോറിഡോറുകളുടെ നിർമ്മാണത്തിനുള്ള തീരുമാനം കേരള ത്തിന്റെ പശ്ചാത്തലമേഖലയുടെ വികസനത്തിന് ഗുണകരമാണ്. പുതിയ നാലുവരിപ്പാതയുടെയും മലയോര ഹൈവേയുടെയും നിർമ്മാണം ഈ വർഷം തന്നെ ആരംഭിക്കുമെന്നുള്ള ബഡ്ജറ്റ് പ്രഖ്യാപനം പ്രശംസനീയമാണ്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പൊതുജനങ്ങൾക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് "ടോൾ ഫ്രീ നമ്പർ" സംവിധാനം ഏർപ്പെടുത്തി. ആഡംബര നികുതിയിൽ കുറവ് വരുത്തിയത് ടൂറിസം മേഖലയുടെ വികസനത്തിന് കൂടുതൽ പ്രോത്സാഹനം നൽകും. ഭാഗപത്രം, ദാനം എന്നിവയുടെ സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതും അഞ്ച് സെന്റോ അതിൽ കുറവോ ഭൂമി വാങ്ങുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ സ്റ്റാമ്പ്ഡ്യൂട്ടിയിൽ നിന്ന് പൂർണ്ണമായി ഒഴിവാക്കിയതും അഭിനന്ദനാർഹമാണ്. ഫ്ളാറ്റുകളുടെ സ്റ്റാമ്പ്ഡ്യൂട്ടി അഞ്ച് ശതമാനവും അപ്പാർട്ടുമെന്റിന്റേത് നാല് ശതമാനവുമായി നിജപ്പെടുത്തുകയുണ്ടായി. കോതമംഗലം ബ്ലോക്ക് സൗജന്യമായി നൽകിയ സ്ഥലത്ത് കോടതി കെട്ടിടം പണിയുന്നതിനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: ബഡ്ജറ്റിനെ എതിർക്കുന്നു യാഥാർത്ഥ്യ ബോധമില്ലാത്തതും നടപ്പിലാക്കാൻ കഴിയാത്തതും വ്യക്തമായ കാഴ്ചപ്പാടി ല്ലാത്തതുമായ പ്രഖ്യാപനങ്ങളാണ് ബഡ്ജറ്റിലുള്ളത്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒട്ടനവധി പദ്ധതികൾ ഇനിയും നടപ്പിലാക്കിയിട്ടില്ല. പ്രഖ്യാപിച്ച പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിനെ സംബന്ധിച്ച് ബഡ്ജറ്റിൽ ഒരു രൂപ രേഖയുമില്ല. ചീക്കോട് കുടിവെള്ള പദ്ധതി രണ്ട് വർഷത്തിനകം പൂർത്തിയാ ക്കുന്നതിന് നടപടി സ്വീകരിക്കണം. കോഴിക്കോട് വിമാനത്താവളത്തിന്റെ സ്ഥലമെടുപ്പിന് ബഡ്ജറ്റിൽ തുക വകയിരുത്തണം. കോട്ടയ്ക്കൽ-കരിപ്പൂർ ടൂറിസം റോഡ് പണി പൂർത്തിയാക്കണം. പോസ്റ്റുകളും മെറ്റീരിയൽസും ലഭ്യ മാക്കി കൊണ്ടോട്ടിയിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കണം. സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികളിൽ അധികവും കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. കേന്ദ്ര പദ്ധതികൾക്ക് അനുവദിക്കുന്ന തുക ചെലവഴിക്കാൻ നടപടി സ്വീകരിക്കണം. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ആവശ്യമായ തുക അനുവദിക്കണം. നിത്യോപയോഗ സാധനങ്ങളും പച്ചക്കറികളും ഉൽപ്പാദന കേന്ദ്രത്തിൽ നിന്ന് നേരിട്ട് വാങ്ങി വിതരണം ചെയ്ത് വിലക്കയറ്റം പിടിച്ചു നിർത്തണം. ഷോപ്പിംഗ് ഫെസ്റ്റിവലിന് നീക്കിവച്ച പണത്തിൽ നിന്ന് ഒരു വിഹിതം ഉപയോഗിച്ച് മില്ലുകൾ സ്ഥാപിച്ച് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് അരിയാക്കി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാനുള്ള നട പടി സ്വീകരിക്കണം. കൊപ്ര സംഭരണത്തിന്റെ പ്രയോജനം സാധാരണ ക്കാർക്ക് ലഭിക്കാത്തതിനാൽ പച്ച തേങ്ങയുടെ സംഭരണം പ്രോൽസാഹിപ്പി ക്കണം. സ്വകാര്യ പ്രാക്ടീസ് നിരോധിച്ചതുകാരണം രാജി വച്ച ഡോക്ടർമാ രുടെ ഒഴുവുകളിലേയ്ക്ക് സ്ഥിരം നിയമനം നടത്തണം. നീതി മെഡിക്കൽ

സ്റ്റോറുകളിൽ അനുഭവപ്പെടുന്ന മരുന്നു ക്ഷാമം പരിഹരിക്കണം. മഞ്ചേരി ജില്ലാ ആശുപത്രിയിൽ ക്യാൻസർരോഗ ചികിൽസയ്ക്ക് ആധുനിക സംവിധാനം ഏർപ്പെടുത്തണം.

ശ്രീ. എ. എ. അസീസ്: ബഡ്ജറ്റിനെ പിന്താങ്ങുന്നു. അടിസ്ഥാന വർഗ്ഗത്തിന്റെ ജീവിത സാഹചര്യം മെച്ചപ്പെടുത്താനുതകുന്ന ജനക്ഷേമകരമായ ബഡ്ജറ്റാണിത്. നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിക്കാനും നെൽകൃഷിക്കാർക്ക് പലിശരഹിത വായ്പ നൽകാനും തരിശുഭൂമി കൃഷിയോഗ്യമാക്കാനും ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതും ദീർഘകാലമായി അടച്ചിട്ടിരുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിച്ച് ലാഭകരമാക്കി മാറ്റാൻ സാധിച്ചു. കശുവണ്ടി വികസന കോർപ്പറേഷനും കാപക്സിനും 52 കോടി രൂപ ധനസഹായം അനുവദിക്കുകയും തൊഴിൽ ദിനങ്ങൾ ഇരുനൂറിലധികമായി വർദ്ധിപ്പിച്ചു. സീസൺ സമയത്ത് ആവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാവപ്പെട്ടവരുടേയും അവശരുടെയും ക്ഷേമത്തിന് മുൻഗണന നൽകുന്ന ബഡ്ജറ്റാണിത്.

ശ്രീ. മഞ്ഞളാംകുഴി അലി: ബഡ്ജറ്റിനെ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ നാല് വർഷമായി ജനക്ഷേമകരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് മുന്നോട്ട് പോവുകയാണ്. ലോകവ്യാപകമായി സാമ്പത്തിക മാന്ദ്യം ഉണ്ടായിട്ടുപോലും ശക്തമായ ധനകാര്യ മാനേജുമെന്റിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കഴിഞ്ഞു. 3000 കോടി രൂപയുടെ പൊതുമരാമത്ത് പണികൾക്കാണ് ഈ കാലയളവിൽ ഭരണാനുമതി നൽകിയത്. ഭരണ - പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലും

റോഡുകളുടേയും പാലങ്ങളുടേയും പണി ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. മാനസികവും കായികവുമായ വൈകല്യമുള്ളവർക്കും അവരുടെ സഹായികൾക്കും പ്രതിമാസം 300 രൂപ സഹായം ഏർപ്പെടുത്തിയത് സ്വാഗതാർഹമാണ്. കേന്ദ്ര സഹായം ലഭിക്കാത്ത സ്പെഷ്യൽ സ്ക്കൂളുകൾക്ക് 10 കോടി രൂപയും ക്യാൻസർ രോഗികളെ സഹായിക്കാൻ 7 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുകയാണ്. കെ.എഫ്.സി.-യെ ജനങ്ങൾക്ക് ഉപകാരപ്രദമാക്കി മാറ്റി. മങ്കട നിയോജകമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കണം. ഇ-ഫയലിങ്ങും ഇ-പേമെന്റും നടപ്പിലാക്കുക വഴി കച്ചവടക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമായി. സ്റ്റാമ്പ് ഡ്യൂട്ടി 5 ശതമാനമാക്കി കുറയ്ക്കുകയാണെങ്കിൽ ഭൂമിയുടെ മുഴുവൻ വിലയും സ്റ്റാമ്പ് ഡ്യൂട്ടിയിൽ കാണിക്കുക വഴി റവന്യു വരുമാനം കൂടും. ഇക്വിറ്റബിൾ മോർട്ട്ഗേജിന് മുദ്രവില കൂട്ടിയത് പുന:പരിശോധിക്കണം. 1500 സി.സി. കാറുകൾക്കുള്ള ആഡംബര നികുതി ഒഴിവാക്കണം. പ്രവാസി ക്ഷേമ പദ്ധതികളുടെ വ്യവസ്ഥകൾ ലഘൂകരിക്കണം. എം.എൽ.എ. ഫണ്ട് രണ്ട് കോടി രൂപയാക്കി വർദ്ധിപ്പിക്കണം.

<u>ശ്രീ. കെ. സി. രാജഗോപാലൻ</u> : ബഡ്ജറ്റിനെ പിന്താങ്ങുന്നു. കേരളത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യംവച്ചുകൊണ്ടുള്ള ബഡ്ജറ്റാണിത്. പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനും മിനിമം കൂലി ഉറപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു. ക്ഷേമ പെൻഷനുകൾ 300 രൂപയാക്കാനും നഗര പ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കാനും അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കുമുള്ള ഗ്രാന്റ് 250 രൂപയായി

വർദ്ധിപ്പിക്കാനും പ്രീമെട്രിക് ഹോസ്റ്റലുകളിലെ കുട്ടികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും കഴിഞ്ഞു. പുതിയ ഐ. ടി. ഐ. കൾ ആരംഭിച്ചു. പൊതു മേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കിയതും പുതിയ വ്യവസായ സ്ഥാപന ങ്ങൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതും പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകിയതും കാർഷിക-വിദ്യാഭ്യാസ മേഖലകൾക്കുള്ള വിഹിതം ഇരട്ടിയാക്കിയതും സ്വാഗതാർഹമാണ്. റോഡുകളുടേയും പാലങ്ങളുടേയും പണികൾക്കും കുടിവെള്ള വിതരണത്തിനും മുപ്പത്തഞ്ച് ലക്ഷം കുടുംബ ങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരിയും ഇൻഷ്വറൻസ് പരിരക്ഷയും നൽകു ന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. സാംസ്ക്കാരിക മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകുകയും ദേശീയ ഗെയിംസിനുവേണ്ടി 67 കോടി രൂപയും അന്താരാഷ്ട്ര നിലവാരമുള്ള നാല് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 210 കോടി രൂപയും നീക്കിവയ്ക്കുകയും 23 പുതിയ സ്റ്റേഡിയങ്ങൾ നിർമ്മിക്കാ നുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട-ശബരി മല റോഡിന്റെ പണി പൂർത്തീകരിക്കണം. കുട്ടികളുടെ ക്ഷേമത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നതിന് ഫണ്ട് മാറ്റിവയ്ക്കണം. അംഗൻവാടി ജീവനക്കാർക്കും എല്ലാവിഭാഗം തൊഴിലാളികൾക്കും ആശാ പ്രവർത്തകർക്കും അർഹമായ പരിഗണന നൽകണം. എം.എൽ. എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കണം.

ശ്രീ. തോമസ് ചാണ്ടി: നിയോജകമണ്ഡലങ്ങളിലെ നിർമ്മാണപ്രവർത്ത നങ്ങൾക്ക് പ്രയോറിറ്റി നിശ്ചയിച്ച് നടപ്പിലാക്കാനുള്ള അവസരം എം.എൽ.എ.മാർക്ക് നൽകിയത് നല്ല കാര്യമാണ്. സംസ്ഥാനത്ത് എസ്ക്സ്പ്രസ് ഹൈവേയ്ക്ക് പകരം ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടു ത്തണം. വിദേശ ടൂറിസ്റ്റുകൾക്കുള്ള സന്ദർശന സൗകര്യങ്ങൾ മെച്ചപ്പെടു

ത്തണം. പാൽ, മുട്ട, പച്ചക്കറി, ഇറച്ചി എന്നിവയുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാനാവശ്യമായ ഒരു പ്രത്യേക സംവിധാനമുണ്ടാക്കണം.

ശ്രീ. എ. എം. ആരിഫ് : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വിശ്വാസ്യതയും ഭരണമികവും ലക്ഷ്യബോധവുമുള്ള ഒരു ബഡ്ജറ്റാണിത്. 35 ലക്ഷം കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കാനും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവരുടെ കടം എഴുതിത്തള്ളാനും നെൽക്കൃഷി വർദ്ധിപ്പിക്കാനുമുള്ള പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. സ്വകാര്യ മൂലധനം സ്വരൂപിക്കാൻ മുൻഗണന നൽകണം. വികസന കാര്യങ്ങളിൽ ഇൻഡ്യ വളരെയധികം പിന്നിലാണെന്നാണ് ഐക്യരാഷ്ട്ര സഭയുടെ കണക്കുകൾ സൂചിപ്പിക്കുന്നത്. ഫോക്‌ലോർ അക്കാഡമിക്കുവേണ്ടി പ്രത്യേകം തുക വകയിരുത്തണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബഡ്ജറ്റിനെ എതിർക്കുന്നു. 20092010-ലെ ബഡ്ജറ്റിൽ മാന്ദ്യവിരുദ്ധ പാക്കേജിന് നീക്കി വച്ച പണം ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് ആവശ്യമായ തുക നീക്കിവയ്ക്കുകയോ തുക നീക്കി വയ്ക്കുന്ന പദ്ധതികൾ നടപ്പിലാക്കാനോ നടപടി സ്വീകരിക്കുന്നില്ല. ഈ ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റുകളിലൊന്നും അധിക വിഭവ സമാഹരണത്തെക്കുറിച്ച് വ്യക്തമായി പറഞ്ഞിട്ടില്ല. അധിക ചെലവുകളുടെ മൊത്തം തുക പറഞ്ഞിട്ടുണ്ടെങ്കിലും ഏതൊക്കെ ഇനത്തിലാണ് ചെലവ് വരുന്നതെന്ന് വ്യക്തമാക്കുന്നില്ല. ട്രഷറിയിൽ മിച്ചം വയ്ക്കുന്നതും ഓവർ ഡ്രാഫ്റ്റ് എടുക്കാതിരിക്കുന്നതും കാര്യക്ഷമമായ മാനേജുമെന്റല്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ട്രഷറിയിൽ മിച്ചം വച്ചതിനെ രൂക്ഷമായി വിമർശിച്ചവർ ഇപ്പോൾ അതേ രീതി തുടരുകയാണ്

ചെയ്യുന്നത്. പ്ലാൻ എക്സ്പെന്റിച്ചറും മൂലധനച്ചെലവും കുറഞ്ഞിരിക്കുന്നു. 13-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിനർഹമായ വിഹിതം നൽകിയിട്ടുണ്ട്. ഏറ്റവും വേഗത്തിൽ വികസിക്കുന്ന സാമ്പത്തിക സിസ്റ്റമാണ് ഇന്ത്യാ രാജ്യത്തിനുള്ളതെന്നാണ് 13-ാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. ഗ്രാമീണ അടിസ്ഥാന മേഖലയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് 66,100 കോടി രൂപയും സബ്സിഡികൾ നൽകുന്നതിന് 1,16,224 കോടി രൂപയുമാണ് കേന്ദ്ര ബഡ്ജറ്റിൽ മാറ്റി വച്ചിരിക്കുന്നത്. 13-ാം ധനകാര്യ കമ്മീഷൻ 0.32 ശതമാനം തുക സംസ്ഥാനത്തിന് കുറച്ചാണ് നൽകിയത് എന്നു പറയുന്ന ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2006-2007-ൽ 26.72 ശതമാനം തുക നൽകിയിരുന്നുവെങ്കിൽ 2010-2011-ൽ 21.98 ശതമാനം തുക നൽകിയതിന്റെ കാരണം വ്യക്തമാക്കണം. വിലക്കയറ്റത്തെ നേരിടുന്നതിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സഹകരിച്ചു പ്രവർത്തിക്കണം. ഈ സർക്കാർ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയാൻ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നില്ല. ഫെസ്റ്റിവൽ കാലഘട്ടങ്ങളിൽ ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ അനുവദിക്കാമെന്ന് കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ഒന്നും ചെയ്യുന്നില്ലെന്ന് പറഞ്ഞ് കേന്ദ്രത്തെ പഴിചാരുന്നത് ശരിയല്ല. സ്റ്റോക്കിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് കേന്ദ്രം സംസ്ഥാനത്തിന് ഭക്ഷ്യധാന്യങ്ങൾ നൽകുന്നുണ്ട്. കേന്ദ്രം എ.പി.എൽ. വിഭാഗത്തിന് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെടാം. പല കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെയും പേര് മാറ്റിയാണ് സംസ്ഥാന പദ്ധതികളാക്കി പ്രഖ്യാപിച്ചിട്ടുള്ളത്. ആയുർവേദ പൽപ്പൊടിക്ക് ഏർപ്പെടുത്തിയിരുന്ന

നികുതി കുറച്ചതിനെ സ്വാഗതം ചെയ്യുന്നു. ആയുർവേദ മരുന്നുകൾക്ക് കൂടി നികുതിയിളവ് കൊടുക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്ക്): സംസ്ഥാനത്തിന്റെ വികസനം ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിലുള്ളത്. ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തിൽ അഭൂതപൂർവ്വമായ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ടൂറിസം, ഐ.റ്റി., എന്നീ വൻകിട വ്യവസായങ്ങളുടെ ദീർഘകാല വളർച്ചയ്ക്കാവശ്യമായ നിക്ഷേപം വകയിരുത്തിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ തുക വർദ്ധിപ്പിച്ചു. റവന്യൂ കമ്മി മറച്ചു വച്ചിരിക്കുന്നു എന്ന പ്രതിപക്ഷത്തിന്റെ ആരോപണം ശരിയല്ല. സാമ്പത്തിക മാന്ദ്യത്തിന്റെ പശ്ചാത്തലത്തിൽപ്പോലും ക്ഷേമപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപത്തിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. റോഡ്, ജലസേചന പദ്ധതികൾ, ടൂറിസം പദ്ധതികൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് തുക മാറ്റിവച്ചിട്ടുണ്ട്. സ്റ്റിമുലസ് പാക്കേജിൽ വരുന്ന ചെലവുകൾ നേരിടുന്നതിനുവേണ്ടി പ്ലാൻ ഇനത്തിൽ 1895 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 2250 കോടി രൂപയും നീക്കി വച്ചിട്ടുണ്ട്. ഡാമുകളിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിലൂടെ കോടികളുടെ വരുമാനമാണ് സംസ്ഥാനത്തിന് ലഭിക്കാൻ പോകുന്നത്. ഈരാറ്റുപേട്ട കോർട്ട് കോംപ്ലക്സിന്റെ കാര്യം പരിശോധിക്കുന്നതാണ്. ലിഫ്റ്റ് ഇറിഗേഷന്റെ പണികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. ആധുനിക ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്ന നിലയ്ക്ക് ഒരേ മോഡലിലും ഡിസൈനിലും 60 ട്രഷറികളുടെ നിർമ്മാണത്തിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിലക്കയറ്റമുണ്ടായപ്പോൾ കേന്ദ്ര സർക്കാർ വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി പെട്രോ

ളിയം ഉൽപ്പന്നങ്ങളുടെ നികുതി കൂട്ടിയപ്പോൾ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളും നികുതി കൂട്ടി. എന്നാൽ കേരളത്തിൽ നികുതി കൂട്ടിയില്ലെന്ന് മാത്രമല്ല, 15 ലക്ഷം പേർക്ക് 8.90 രൂപയ്ക്ക് കിട്ടുന്ന എ.പി.എൽ. അരി 6.90 രൂപ സബ്സിഡി കൊടുത്തുകൊണ്ട് രണ്ട് രൂപയ്ക്ക് വിതരണം ചെയ്യുകയാണ് ചെയ്തത്. ബി.പി.എൽ. കുടുംബങ്ങൾക്കുള്ള അരിക്ക് കൂടുതൽ സബ്സിഡി നൽകാനുള്ള സ്വാതന്ത്ര്യം സംസ്ഥാന സർക്കാരുകൾക്ക് അനുവദിക്കണമോ എന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഭക്ഷ്യ സുരക്ഷാ നിയമത്തിൽ പറയുന്ന കാര്യം പരിശോധിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിന്റെ ഇൻഷുറൻസ് പ്രോഗ്രാം 11 ലക്ഷം പേർക്കായിരുന്നത് 15 ലക്ഷം പേർക്കാക്കിയിരിക്കുകയാണ്. ഇതിന്റെ ആനുകൂല്യം 15 ദിവസമെങ്കിലും പണിയെടുത്തവർക്ക് കൂടി കൊടുക്കുമെന്നാണ് പറയുന്നത്. സംസ്ഥാന സർക്കാർ പറയുന്നത് രണ്ട് രൂപയ്ക്ക് അരി ലഭിക്കുന്ന 35 ലക്ഷം പേർക്കും ഇൻഷ്വറൻസ് ആനുകൂല്യം കൊടുക്കുമെന്നാണ്. കേന്ദ്ര പദ്ധതിയുടെ പേര് മാറ്റി സംസ്ഥാന പദ്ധതിയായി പ്രഖ്യാപിച്ചിരിക്കുന്നു എന്ന് പറയുന്നത് വാസ്തവ വിരുദ്ധമാണ്. കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനം വരുന്നതിന് രണ്ടാഴ്ച മുമ്പാണ് സംസ്ഥാന ബഡ്ജറ്റ് പ്ളാൻ അംഗീകരിച്ചത്. കേന്ദ്ര-സംസ്ഥാന-പഞ്ചായത്ത് പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കാൻ സാധിക്കണം.മാർക്കറ്റ് ഇന്റർവെൻഷനിൽ 500 കോടി രൂപയാണ് സബ്സിഡിക്കായി നീക്കിവച്ചിട്ടുള്ളത്. കേന്ദ്രം 16 രൂപയ്ക്ക് നൽകുന്ന അരി കൈമാറ്റച്ചെലവുകൾക്ക് ശേഷവും 13 രൂപയ്ക്ക് വിൽക്കുകയാണ് ചെയ്യുന്നത്. അതിനുള്ള സബ്സിഡി സംസ്ഥാന സർക്കാർ കൊടുക്കുകയാണ്. അവശ്യ വസ്തുക്കൾ 13 എണ്ണം ന്യായവിലയ്ക്ക് കൊടുക്കുന്നതിന് കഴിഞ്ഞ വർഷം 40 കോടി രൂപ വകയിരുത്തി. ഫെബ്രുവരി മാസം വരെ ഇതിനായി 82 കോടി രൂപ കൊടുത്തിട്ടുണ്ട്.

ഈ വർഷം ഇതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെയാണ് കൺസ്യൂമർഫെഡ്ഡിന് 20 കോടി രൂപ വകയിരുത്തിയിരിക്കുന്നത്. സംസ്ഥാന സർക്കാർ വായ്പയെടുത്ത് സിവിൽസപ്ളൈസ് കോർപ്പറേഷന് കൊടുക്കണമോ കോർപ്പറേഷൻ വായ്പയെടുത്ത് നേരിട്ട് സ്റ്റോറുകൾ ആരംഭിക്കണമോ എന്ന കാര്യം സർക്കാർ ആലോചിച്ച് തീരുമാനിക്കും. ഈ വർഷം പുതിയതായി 100 മാവേലി സ്റ്റോറുകൾ സംസ്ഥാനത്ത് ആരംഭിക്കും. വൻകിട ജലസേചന പദ്ധതികൾ ഇന്ന് ഫലപ്രദമല്ല. കേരളത്തിന് റിവർ ബേസിൻ അടിസ്ഥാനത്തിലുള്ള പദ്ധതികളാണ് വേണ്ടത്. കെ. എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായം നൽകിയതിനാൽ പ്രവർത്തന പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പലിശയും തിരിച്ചടവുമായി കെ. ടി.ഡി.എഫ്.സി.ക്ക് പ്രതിമാസം നൽകിക്കൊണ്ടിരിക്കുന്ന 20 കോടി രൂപ ഇല്ലാതായിക്കഴിഞ്ഞാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-ക്ക് നിലനിൽക്കാൻ സാധിക്കുകയുള്ളൂ. അക്കാര്യത്തെക്കുറിച്ച് സർക്കാർ ആലോചിച്ച് തീരുമാനമെടുക്കും. വിവിധ സ്കീമുകളും ഏജൻസികളും സംയോജിച്ച് പ്രവർത്തിക്കുന്നതിനായി കാർഷിക മേഖലയ്ക്ക് പണം നീക്കിവച്ചിട്ടുണ്ട്. ആസിയാൻ കരാറിന്റെ പ്രത്യാഘാതങ്ങളെ പ്രതിരോധിക്കുന്നതിനായി കൂടുതൽ തുക നീക്കിവയ്ക്കുന്നതാണ്. കാർഷിക പെൻഷൻ വിപുലീകരിക്കുന്നതാണ്. ഏറ്റവും നല്ല നിലയിൽ തരിശ്നില കൃഷി നടത്തിയിട്ടുള്ള പഞ്ചായത്തുകൾക്കും പച്ചക്കറിക്കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബശ്രീ, സി.ഡി.എസ് എന്നിവയ്ക്കും 25 ലക്ഷം രൂപ, 15 ലക്ഷം രൂപ, 10 ലക്ഷം രൂപ എന്ന തോതിൽ അവാർഡുകൾ നൽകുന്നതാണ്. വയോജനങ്ങൾക്കുവേണ്ടി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ജോലിയുടെ ഭാഗമായി സംഭവിക്കുന്ന അത്യാഹിതങ്ങൾക്ക് തുക നീക്കിവയ്ക്കുന്ന

പദ്ധതിയിൽ ഫോറസ്റ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തും. ഓർഗാനിക് കൾട്ടിവേഷന് പ്ലാനിൽ പ്രത്യേകം തുക നീക്കിവച്ചിട്ടുണ്ട്. ക്ഷീരകർഷകരുടെ ക്ഷേമനിധിക്കുള്ള അംശദായം നിയമം പാസ്സാക്കുന്നതിന്റെ അടിസ്ഥാനത്തിൽ നൽകുന്നതാണ്. കയർത്തൊഴിലാളികൾക്കുള്ള ത്രിഫ്റ്റിന്റെ കാര്യം പരിഗണിക്കുന്നതാണ്. ആശുപത്രി, സ്ക്കൂൾ കെട്ടിടനിർമ്മാണങ്ങൾക്കും മറ്റുമായി പ്ലാൻ ഫണ്ടിൽ വകയിരുത്തിയ പണം ചെലവഴിച്ചു കഴിഞ്ഞാൽ അഡീഷണൽ ആതറൈസേഷനായി അനുവദിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. മലയോര ഹൈവേ ഈ വർഷം തന്നെ തുടങ്ങുന്നതായിരിക്കും. വൈപ്പിനിലെ ഓഷ്യനേറിയം ബഡ്ജറ്റ് സപ്പോർട്ടിന്റെ ആവശ്യമില്ലാതെ തന്നെ പൂർത്തീകരിക്കുന്നതാണ്. കെ.എം.എം.എൽ-ന്റെ മിനറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം ഈ വർഷം ആരംഭിക്കും. വഖഫ് ബോർഡിന് 20 ലക്ഷം രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. ചരിത്രത്തിൽ ഒരുകാലത്തും ഇല്ലാത്ത വിധത്തിലുള്ള ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് സ്പോർട്ട്സ് മേഖലയിൽ നടക്കുന്നുണ്ട്. കായികപഠനം പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കി എല്ലാ ജില്ലകളിലും സ്പോർട്ട്സ് സെന്റർ ആരംഭിക്കുന്നതിനുള്ള പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. മഴക്കാലം ആരംഭിക്കുന്നതിന് മുൻപ് 400 കോടി രൂപയുടെ മണൽ മലമ്പുഴ, ചുള്ളിയാർ, നെയ്യാർ ഡാമുകളിൽ നിന്ന് ശേഖരിക്കാൻ കഴിഞ്ഞാൽ പദ്ധതി നിർവ്വഹണത്തിന് യാതൊരു ബുദ്ധിമുട്ടും വരികയില്ല. ഓരോ എം.എൽ.എ.മാരും ട്രഷറിയിലേയ്ക്ക് ഡെപ്പോസിറ്റ് സമാഹരിക്കുന്ന തുകയ്ക്ക് തുല്യമായിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയോജക മണ്ഡലങ്ങളിൽ അനുവദിക്കുന്ന ഒരു സ്കീം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഗ്യാലറികളിൽ വിൽക്കുന്ന പെയിന്റിംഗുകളെ നികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്. ഭിന്നതല പഠന

കേന്ദ്രങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളത്തിലെ അനോമലി പരിഹരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ശാസ്താംകോട്ട തടാകത്തെക്കുറിച്ചുളള സി.ഡബ്ല്യൂ.ആർ.ഡി.എം-ന്റെ പഠനത്തിലെ നിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ്.

**പ്രമേയം**

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2010-11 സാമ്പത്തിക വർഷത്തേയ്ക്കുളള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേൽ സബ്ജക്ട് കമ്മിറ്റികൾ നടത്തേണ്ട പരിശോധന നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യം പരിഗണിച്ച് സബ്ജക്ട് കമ്മിറ്റികൾക്ക് പ്രസ്തുത കൃത്യം നിർവ്വഹിക്കുന്നതിനുള്ള സൗകര്യം ലഭിക്കുന്നതിനായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം അടുത്ത സമ്മേളനത്തിന്റെ പ്രാരംഭം വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

സഭ ഉച്ചയ്ക്കുശേഷം 2.50-ന് പിരിഞ്ഞു.

......................................